# ചാർട്ട്

| നയം | ദക്ഷിണാഫ്രിക്ക (1948-1994) | ഇസ്രയേൽ (1948 മുതൽ ഇന്നു വരെ) |
|---|---|---|
| വംശീയാടിസ്ഥാനത്തിൽ ജന വിഭാഗങ്ങളെ തട്ടുകളിലാക്കുന്നു | നിയമപരമായി വെള്ള വംശക്കാരായിരുന്നു ഏറ്റവും മേലേ തട്ടിലുള്ള വിഭാഗം. അതിന് താഴെ ഇന്ത്യൻ വംശജർ, പിന്നെ കറുത്ത വർഗക്കാർ. ഇതിന്റെ അടിസ്ഥാനത്തിലാണ് അവകാശങ്ങൾ നിർണയിക്കപ്പെടുക. | ഗസ്സയിലും വെസ്റ്റ് ബാങ്കിലുമുള്ള ജനങ്ങളെ യഥാർഥത്തിൽ ഭരിക്കുന്നത് ഇസ്രയേലാണ്. പല നിയമാവകാശങ്ങളും അവർക്ക് നിഷേധിക്കപ്പെടുന്നു.[20] ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാർക്കുണ്ടായിരുന്ന അതേ പദവിയാണ് ഇസ്രയേലിലെ അശ്കനാസി ജൂതന്മാർക്കുള്ളത്. പിന്നെ മറ്റു വംശങ്ങളിൽ പെടുന്ന ജൂതന്മാർ. അതിനു ശേഷം ഇസ്രയേലിനകത്തെ അറബികൾ. ഏറ്റവുമൊടുവിൽ വരുന്നത് ഗസ്സയിലെയും വെസ്റ്റ് ബാങ്കിലെയും മുസ്‌ലിംകൾ. അപ്പാർത്തീഡ് ദക്ഷിണാഫ്രിക്കയിലെ കറുത്ത വർഗക്കാരെക്കാൾ മോശമാണ് അവരുടെ നില. |
| പൊതു സ്ഥലങ്ങളിൽ വിവേചനം. ചലന സ്വാതന്ത്ര്യം നിയന്ത്രിക്കൽ | കറുത്ത വർഗക്കാർക്ക് ബസ്സുകളിലും റസ്റ്റോറന്റുകളിലും വേറെ വേറെ ഇരിപ്പിടങ്ങളായിരുന്നു. യാത്ര ചെയ്യാനും നിയന്ത്രണമുണ്ടായിരുന്നു. തങ്ങൾക്ക് അനുവദിച്ച 'ഹോംലാന്റി'ൽ അവർ നിന്നുകൊള്ളണം. | പൊതു സ്ഥലങ്ങളിൽ ഫലസ്തീനികൾ പ്രത്യേകം മാറ്റിനിർത്തപ്പെടുന്നു. വെസ്റ്റ് ബാങ്കിലെ 'ഫലസ്തീൻ പ്രദേശ'ങ്ങളെ പരസ്പര ബന്ധമില്ലാത്ത ചെറിയ ചെറിയ ഇടങ്ങളായി മുറിച്ചിട്ടുണ്ട്. ഒരു ഗ്രാമത്തിൽനിന്ന് മറ്റൊരു ഗ്രാമത്തിലേക്ക് പോവുക പോലും അതീവ ദുഷ്കരം. മുട്ടിന് മുട്ടിന് സ്ഥാപിച്ച ചെക് പോയിന്റുകൾ പല സ്ഥലങ്ങളിലും അവരുടെ യാത്ര അസാധ്യമാക്കുന്നു. തങ്ങളുടെ ചെറിയ ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടാൻ അവർ നിർബന്ധിതരാണ്.[21] |
| വിഭവങ്ങൾ നിഷേധിക്കപ്പെടുന്നു | വർണവെറിയൻ ഭരണമുള്ള കാലത്ത് ദക്ഷിണാഫ്രിക്കയിൽ ഭൂമി, വെള്ളം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയവയുടെ ലഭ്യത കറുത്ത വർഗക്കാർക്ക് പരിമിതമായ അളവിലേ ഉണ്ടായിരുന്നുള്ളൂ. | ഫലസ്തീനിലും സ്ഥിതി അതുതന്നെ. തലമുറകളായി പരിമിതമായ ഭൂമി മാത്രമേ അവർക്ക് കൈവശം വെക്കാൻ പാടുള്ളൂ. ജല സ്രോതസ്സുകളും നിയന്ത്രണങ്ങൾക്ക് വിധേയമാണ്. ഈ പരിമിത വിഭവങ്ങൾ പോലും ഓരോ ദിവസവും കുറച്ചു കുറച്ചു കൊണ്ടുവരുന്നു. വെസ്റ്റ് ബാങ്കിൽ ഫലസ്തീനികൾക്ക് ഭൂമി വാങ്ങുന്നതിൽ നിയന്ത്രണങ്ങളുണ്ട്. അതേസമയം സകലയിടത്തും ജൂത കുടിയേറ്റ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ആംനസ്റ്റിയുടെ കണക്കനുസരിച്ച്, 1967-ലെ യുദ്ധത്തിനു ശേഷം ഫലസ്തീനികളുടെ ഒരു ലക്ഷം ഹെക്ടർ ഭൂമിയാണ് ഇസ്രയേൽ പിടിച്ചെടുത്തത്.[22] |
| നിയമങ്ങളിലെ വിവേചനം | വെളുത്ത വർഗക്കാർക്ക് നിയമങ്ങൾ വേറെയായിരുന്നു. എല്ലാവിധ ജീവിത സൗകര്യങ്ങളും അവർക്ക് ഒരുക്കിക്കൊടുക്കുന്ന വിധത്തിലുള്ളതായിരുന്നു അവ. ആ നിയമങ്ങളുടെ പരിധിയിൽ കറുത്ത വിഭാഗക്കാർ ഉൾപ്പെട്ടിരുന്നില്ല. ജീവിതം ദുരിതപൂർണമാകുന്ന തരത്തിലുള്ളതായിരുന്നു അവർക്കുള്ള നിയമങ്ങൾ. | ഇസ്രയേലിലും വെവ്വേറെ നിയമങ്ങളാണ്.[23] ജൂതവംശജരുടെ ദേശീയ ഗേഹമാണ് ഇസ്രയേൽ എന്ന് പ്രഖ്യാപിക്കുന്ന ഇസ്രയേലിലെ Basic Law അംഗീകൃതമായ ഏത് മാനദണ്ഡം വെച്ചു നോക്കിയാലും വംശീയമാണ്.[24] അതിനു പുറമെ Right to Return എന്ന മറ്റൊന്നു കൂടിയുണ്ട്. 'മടങ്ങിവരാനുള്ള അവകാശ'മാണത്. ആയിരക്കണക്കിന് വർഷം മുമ്പ് ഇസ്രയേലിൽനിന്ന് പലായനം ചെയ്തതാണ് എന്ന സങ്കൽപത്തിൽ ലോകത്തിന്റെ ഏതു ഭാഗത്തുള്ള ജൂതനും ഇസ്രയേലിലെത്താം. ഉടനടി പൗരത്വവും ലഭിക്കും. അതേസമയം 1948-ന് ശേഷം അവിടെനിന്ന് കുടിയിറക്കപ്പെട്ട ഫലസ്തീനിയൻ സമൂഹത്തിന്റെ പകുതി ഭാഗവും ലോകത്തിന്റെ കൺമുന്നിൽ അഭയാർഥികളായി അലയുകയാണ്. വംശത്തിന്റെ പേരിൽ മാത്രമാണ് അവർക്ക് അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത്. [25] |
| വിഭജന മതിലുകൾ | കറുത്ത വർഗക്കാരെ വേർപ്പെടുത്താനും അവരുടെ സഞ്ചാരം വെള്ളക്കാർ സഞ്ചരിക്കാത്ത മറ്റു വഴികളിലൂടെ ആക്കാനും നഗരങ്ങളിലുടനീളം മതിലുകൾ കെട്ടിപ്പൊക്കിയിരുന്നു. | വെസ്റ്റ് ബാങ്കിൽ സുരക്ഷാ മതിൽ (Security Fence) എന്ന പേരിൽ ഇസ്രയേൽ കെട്ടിയുയർത്തിയതും വർണവെറിയൻ മതിൽ (Apartheid Wall) തന്നെ. ആ മതിലിന് 26 അടി ഉയരവും എഴുന്നൂറ് കിലോ മീറ്റർ നീളവുമുണ്ട്. ഫലസ്തീനികളുടെ അധിവാസ കേന്ദ്രങ്ങളെ വേർതിരിക്കുന്ന മതിലാണിത്.[26] |